**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3303** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ പാലത്തിൽ വാഹനബാഹുല്യം കാരണം അനുഭവപ്പെടുന്ന ഗതാഗത കുരുക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം നഗരത്തിൽ നിന്നും വൈപ്പിൻ കരയിലെ ബോൾഗാട്ടി ജംഗ്ഷനിലേക്കുള്ള ഗോശ്രീ പാലത്തിൽ വാഹനബാഹുല്യം കാരണം അനുഭവപ്പെടുന്ന ഗതാഗത കുരുക്കും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ ഗോശ്രീ പാലങ്ങൾ ജിഡ(Goshree Island Development Authority) യുടെ ആസ്തിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഗോശ്രീ 1 - പാലത്തിനു സമാന്തരമായി എറണാകുളത്തേയും, ബോൾഗാട്ടി ദ്വീപിനേയും ബന്ധിപ്പിക്കുന്ന പാലം പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ല. ഗോശ്രീ 2 പാലത്തിന് സമാന്തരമായി രണ്ട് വരി പാലം നിലവിൽ ഉണ്ട്.<br><br>ഗോശ്രീ 3 പാലത്തിന് സമാന്തരമായി കാളമുക്ക് ജംഗ്ഷനിൽ നിന്ന് വല്ലാർപാടത്തേയ്ക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി 70 കോടി രൂപയുടെ പ്രവൃത്തി 2023-24 ബഡ്ജറ്റിൽ 100 രൂപാ ടോക്കൺ പ്രൊവിഷനായി ഉൾപ്പെട്ടിരുന്നു. 18.10.2023-ൽ ചേർന്ന സി.എം.റ്റി മീറ്റിങ്ങിൽ പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് എം.എൽ.എ നിർദ്ദേശിച്ചിരുന്നത് പ്രകാരം 40.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം, എറണാകുളം കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. |
| (ബി) | എറണാകുളത്ത് നിന്ന് ഹൈക്കോടതി വഴി കണ്ടെയിനർ റോഡിലൂടെ തൃശ്ശൂർ ഭാഗത്തേക്കുള്ള വാഹനങ്ങളുടെ ബാഹുല്യവും മുനമ്പം - അഴിക്കോട് പാലവും തീരദേശ ഹൈവേയും യാഥാർത്ഥ്യമാകുന്നതോടെ ഈ മേഖലയിൽ ഉണ്ടാകാവുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഗോശ്രീ പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | ഇതു സംബന്ധിച്ച് മന്ത്രിക്ക് സമർപ്പിച്ചിരുന്നതും, പരിശോധിക്കുന്നതിനായി 18.09.2023-ലെ 6694/ എം(ഡബ്ല്യു&ടി)/23 നമ്പർ കത്ത് പ്രകാരവും | (സി) | 18/09/2023, 23/12/2023 എന്നീ തീയതികളിലെ നിവേദനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് |

| | | | |
|---|---|---|---|
| | 23.12.2023-ലെ 7256/എം(ഡബ്ല്യു&ടി)/23/വിഐപി നമ്പർ കത്ത് പ്രകാരവും പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയതുമായ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | | എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 05/12/2023 തീയതിയിൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗോശ്രീ പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ